# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.204

### 14-06-2019 ൽ മറുപടിക്ക്

### മസാല ബോണ്ടുകളുടെ വിൽപ്പന

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ഏതൊക്കെ രാജ്യങ്ങളിലെ പ്രതിനിധികളുമായാണ് ധനമന്ത്രിയും കിഫ്ബി ഉദ്യോഗസ്ഥരും ചർച്ച നടത്തിയിരുന്നത്; വ്യക്തമാക്കുമോ; | മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് ലണ്ടൻ, സിങ്കപ്പൂർ, ഹോങ് കോങ്, ദുബായ്, അബുദാബി, കാനഡ മുതലായ രാജ്യങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരുമായി കിഫ്ബി ഉദ്യോഗസ്ഥർ ചർച്ചകൾ നടത്തിയിരുന്നു. |
| (ബി) മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട റോഡ്ഷോകൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ തീയതികളിൽ നടത്തിയെന്നും ഈ റോഡ്ഷോകളെത്തുടർന്ന് ഏതൊക്കെ കമ്പനികളാണ് കിഫ്ബി മസാല ബോണ്ടുകളിൽ താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നത് എന്നും വെളിപ്പെടുത്താമോ; | മസാല ബോണ്ടുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട റോഡ്ഷോകൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ തീയതികളിൽ നടത്തിയെന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (സി) കിഫ്ബി ബോണ്ടുകൾ വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ച കമ്പനികളിൽനിന്നും ഏതൊക്കെ കമ്പനികളെയാണ് കിഫ്ബി ബോണ്ട് നൽകുവാൻ തെരഞ്ഞെടുത്തത്; ഈ തെരഞ്ഞെടുപ്പിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | |

| രാജ്യം | തീയതി |
|---|---|
| സിങ്കപ്പൂർ | 18.02.2019 |
| ഹോങ് കോങ് | 20.02.2019 |
| ലണ്ടൻ | 21.02.2019 |
| | 22.02.2019 |
| അബുദാബി , ദുബായ് | 28.02.2019 |

ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. മസാല ബോണ്ടുകളിൽ

| | |
|---|---|
| | റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത്ത് മാനേജേർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ ഉൾപ്പടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ലോകത്തെവിടെയുമുള്ള പബ്ലിക് ഇഷ്യൂവിൽ നിക്ഷേപകർ ആഗ്രഹിക്കുന്നത് അവരുടെ പേരോ നിക്ഷേപത്തുകയോ പൊതുമധ്യത്തിൽ തുറന്നുകാട്ടപ്പെടരുത് എന്നത് ആഗോള ധനകാര്യ വിപണിയിൽ നിലനിൽക്കുന്ന ഒരു സമ്പ്രദായമാണ്. അത്തരത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുപ്പെടുന്നത് ബോണ്ടുകളുടെ ട്രേഡിങ്ങിന് ഗുണകരമാവുകയില്ല. മാത്രമല്ല ബോണ്ടിന്റെ സെക്കണ്ടറി മാർക്കറ്റിനെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്തേക്കും. ഇത് കണക്കിലെടുത്താൽ കിഫ്ബി ബോണ്ടുകളിൽ താല്പര്യം കാണിച്ച നിക്ഷേപകരുടെ വിവരങ്ങൾ പൊതുമധ്യത്തിൽ വെളിപ്പെടുത്താതെയിരിക്കുന്നതാകും അഭികാമ്യം. കിഫ്ബിയുടെ ഭാവി ധനസമാഹരണത്തിനും ഇത് ഗുണം ചെയ്യും. |

സെക്ഷൻ ഓഫീസർ